www.modelquestionpapers.in

# FIRST TERM EVALUATION 2014 - 2015

## Malayalam Paper I

Std. 8

Time : 2 hrs.
Score : 50

നിർദ്ദേശങ്ങൾ :

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ
- ഓരോ ചോദ്യത്തിന്റെയും സ്കോർ അതാത് ചോദ്യത്തിനു നേരെ നൽകിയിരിക്കുന്നു.

1. മൗലവി മുഹമ്മദിനെ വിളിച്ചു

   മൗലവി മുഹമ്മദിനെ വിളിപ്പിച്ചു

   അടിവരയിട്ട പദങ്ങളുടെ അർത്ഥവ്യത്യാസം കുറിക്കുക (1)

2. മാതൃക നോക്കി പിരിച്ചെഴുതുക.

   - വഴിയില്ല - വഴി + ഇല്ല

   പുഞ്ചക്കണ്ടം = ............... (1)

3. ചുവടെ കൊടുത്തിരിക്കുന്ന പഴഞ്ചൊല്ല് വ്യാഖ്യാനിച്ച് രണ്ടു വാക്യത്തിൽ എഴുതുക. (2)

   വിത്തുഗുണം പത്തുഗുണം

4. താഴ്ത്തികൊയ്യുവിൻ, നെല്ലുപൊന്നാണേ

   ഇന്നത്തെ സാഹചര്യത്തിൽ 'നെല്ലുപൊന്നാണേ' എന്ന പ്രയോഗത്തിന്റെ അർത്ഥവ്യാപ്തി വിലയിരുത്തുക. (4)

5. 'ഒന്നിച്ചാനമ്രമെയ്യോടെ നിൽപ്പൂ
   കന്നിപ്പാടത്തു കൊയ്ത്തുകാർ നീളെ
   നൽപുലർകാല പാടലവാനിൽ
   ശുഭ്രമേഘപരമ്പരപോലെ'

   കാവ്യഭംഗി വ്യക്തമാക്കുക (4)

6. സാമൂഹ്യപ്രശ്നങ്ങളെ സമർത്ഥമായി അവതരിപ്പിക്കുവാനുള്ള ഏറ്റവും നല്ല ഉപാധിയാണ് ആക്ഷേപഹാസ്യം. 'മടിയന്മാർ മുടിയന്മാർ' എന്ന പാഠത്തിലെ ആശയമുൾക്കൊണ്ടുകൊണ്ട് ലഘുകുറിപ്പ് തയ്യാറാക്കുക. (4)

7. 'കൃഷി വ്യക്തിപരം എന്നതിലുപരി ഒരു സാമൂഹ്യസേവനം കൂടിയാണ്'

   'അരിശ്രീ' യിലെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് പ്രതികരണക്കുറിപ്പ് തയ്യാറാക്കുക (6)

(P.T.O.)

8. 'ആദർശവും യാഥാർത്ഥ്യവും ഒന്നാകുമ്പോഴാണ് ജീവിതം മഹത്വപൂർണ്ണമാകുന്നത്'. ഗാന്ധിജി, ടോൾസ്റ്റോയി എന്നിവരുടെ ജീവിതപശ്ചാത്തലം വിലയിരുത്തി പ്രഭാഷണം തയ്യാറാക്കുക. (6)

9. വീട്ടുവളപ്പിലെ ഒരു കൃഷിയനുഭവത്തെക്കുറിച്ച് നിങ്ങളുടെ സുഹൃത്തിനൊരു കത്തെഴുതുക. (6)

10. ബാലിയിലെ 'സുബാക്ക്' (പരസ്പരസഹായസംഘം) ന്റെ പ്രവർത്തനങ്ങൾ കാർഷികമേഖലയ്ക്ക് നൽകി വന്ന സംഭാവനകൾ അവിടത്തെ കൃഷിക്ക് എത്രമാത്രം സഹായകമായിരുന്നു എന്ന് വിലയിരുത്തി കുറിപ്പെഴുതുക. (4)

11. 'അവനൊന്നും കൃഷിക്കാരനല്ല തിരുമേനീ. അവനൊന്നും മണ്ണിനെ സ്നേഹിക്കുന്നോനല്ല'.

- ഒരു യഥാർത്ഥ കർഷകനായി കേശവൻനായരെ പരിഗണിക്കാൻ കഴിയുമോ? എന്തുകൊണ്ട്? സമർത്ഥിക്കുക. (6)

12. ഉപന്യസിക്കുക

വായനശാലകളും കുട്ടികളും

സൂചകങ്ങൾ :
- വായനശീലം വളരുന്നു
- സ്വഭാവരൂപീകരണം നടക്കുന്നു
- സാംസ്കാരിക പുരോഗതി ഉണ്ടാകുന്നു
- മാനസിക വികാസം ഉണ്ടാകുന്നു
- സർഗവാസനകൾ ഉണരുന്നു (6)